# വർണ്ണ തൂവൽ



## LITTLE KITES
## CKHS MANIMOOLY
## ഡിജിറ്റൽ മാഗസിൻ

# സി കെ എച്ച് എസ്
# മണിമൂളി



# അണിയറ ശിൽപികൾ

## ചീഫ് എഡിറ്റർ

ശ്രീ.ടോംസ് ജോൺ ഹെഡ്മാസ്റ്റർ

## അധ്യാപക പാനൽ

| | |
|---|---|
| ശ്രീമതി. ഹൗലത്ത്.കെ | എസ് ഐ ടി സി |
| ശ്രീമതി.ഷൈനി കല്ലാനിക്കൽ | കൈറ്റ് മിസ്ട്രസ്സ് |
| ശ്രീമതി. മരിയ ചാന്ദ്നി | വിദ്യാരംഗം |

## ലിറ്റിൽ കൈറ്റ്സ് പാനൽ

ആനന്ദ് .പി

ക്രിസ് ടോംസ് വിജോ

ബിജിൻ കെ ബെന്നി

ആൻമരിയ റോസ്

അൻഷ ബേബി

അൻഷിഫ

അബിഷേക് പി ഷാജി

# എഡിറ്റോറിയൽ

ലിറ്റിൽ കൈറ്റ്സ് പരിശീലന കളരിയിൽ നിന്ന് രൂപം കൊണ്ട ഒരു കൊച്ചു കൈതിരിയാണ് ഈ മാഗസിൻ.ഡിജിറ്റൽ മാഗസിൻ എന്ന ആശയത്തോട് നൂറു ശതമാനം യോജിച്ചു പ്രവർത്തിക്കാൻ കൈറ്റ് മെമ്പർമാർക്ക് കഴിഞ്ഞില്ലെങ്കിലും അവരുടേതായ ഭാവനയിൽ ഊടും പാവും നൽകി ഇതിനെ വിസിപ്പിച്ചെടുക്കാനുള്ള അവരുടെ ശ്രമങ്ങളെ അഭിനന്ദിക്കുന്നു.

മലയാളം കംപ്യൂട്ടിംഗ് രംഗത്ത് മികവാർന്ന നേട്ടം കൈവരിക്കാൻ ഈ പ്രവർത്തനത്തിലൂടെ കഴിഞ്ഞു എന്ന്തന്നെ പറയാം. ഇത്തരം പ്രവർത്തനങ്ങളിലൂടെ ശ്രദ്ധേയമായ ചെയ്തികൾ വരും നാളുകളിൽ രൂപം കൊള്ളട്ടെ എന്ന് പ്രത്യാശിക്കാം

സ്കൂൾ വിദ്യാരംഗം കലാസാഹിത്യ വേദിയുമായി ഒത്ത് ചേർന്ന് ചുരുങ്ങിയ കാലയളവിൽ വിദ്യാർത്ഥികളിൽ നിന്ന് ശേഖരിച്ച സൃഷ്ടികളുടെ വരകളും വർണ്ണങ്ങളുമാണ് അകതാളുകളിൽ. വിദ്യാർത്ഥി ഭാവനകളിൽ നിന്ന് നിറം ചാലിച്ചെഴുതിയ ഈ കൊച്ചു പുസ്തകം "വർണ്ണ ത്തുവൽ" ലിറ്റിൽ കൈറ്റ്സിന് വേണ്ടി സമർപ്പിക്കട്ടെ.....

# ആശംസ

മലയാളം കംപ്യൂട്ടിംഗ് രംഗത്ത് ഒരു പുത്തൻ കാൽവെപ്പ് എന്ന നിലയിൽ, മണിമൂളി ക്രൈസ്റ്റ് കിംഗ് വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് മെമ്പർമാരുടെ മേൽ നോട്ടത്തിൽ തയ്യാറാക്കി യ വർണ്ണ ത്തൂവൽ എന്ന മാഗസിൻ ഈ ഡിജിറ്റൽ യുഗത്തിൽ ഒരു ത്തൂവലായ് പറന്നിടട്ടെ.....

മാനേജർ

സി കെ എച്ച് എസ് മണിമൂളി



# ആശംസ....

വർണ്ണ ഞ്ചുവൽ.....

സ്കൂൾ ഐ ടി ക്ലബ്ബ് അംഗങ്ങളുടെ പ്രവർത്തന മനോഹാരിതയിൽ രൂപം കൊണ്ട ഡിജിറ്റൽ മാഗസിൻ പ്രശംസ അർഹിക്കുന്നു. ഈ കൊച്ചുപ്രചോദനം വരും നാളുകളിൽ കൂടുതൽ വർണ്ണാഭമായി തീരട്ടെ.....

ശ്രീ. രാമചന്ദ്രൻ.കെ.റ്റി



പി റ്റി എ പ്രസിഡണ്ട്

# ആശംസ.......

സ്കൂൾ ഐ ടി ക്ലബ്ബ് അംഗങ്ങളുടെ മികവാർന്ന പ്രവർത്തനങ്ങളുടേയും, പരിശീലനങ്ങളുടേയും അനന്തരഫലമെന്നോണം രൂപം കൊണ്ട വർണ്ണ ളുവൽ വർണ്ണാഭമായിരിക്കുന്നു. ഡിജിറ്റൽ മാഗസിന്റെ സാക്ഷാത് കാരത്തിനായ് പ്രവർത്തിച്ച കൈറ്റ് മെമ്പർമാരെ ഞാൻ അഭിനന്ദിക്കുന്നു. ഈ ഹൈടെക് വിദ്യാഭ്യാസ കാലത്ത് ഇതു പോലുള്ള നല്ല പ്രവർത്തനങ്ങൾ മലയാള ഭാഷയുടെ ഡിജിറ്റൽ തരംഗത്തിന് ഇനിയും ചാരുതയേകിടട്ടെ...

ശ്രീ.ടോംസ് ജോൺ

ഹെഡ്മാസ്റ്റർ

സി കെ എച്ച് എസ്

മണിമൂളി



# സംസ്ഥാന പ്രതിഭകൾക്ക് വിദ്യാലയത്തിന്റെ ആദരവ്






ഗണിതത്തിലെ മധുരം



പ്രവൃത്തി പരിചയത്തിലെ മിടുക്ക്

# അകതാളുകൾ........


| | | |
|---|---|---|
| 1.വിദ്യാലയം പറഞ്ഞത് | ലേഖനം | 8 |
| 2.Little Kites | വിശകലനം | 10 |
| 3.ബുദ്ധിമാനായ മുയൽ | കഥ | 13 |
| 4.മിന്നാമിനുങ്ങിന്റെ നുറുങ്ങ് വെട്ടം | കഥ | 15 |
| 5.ജല പ്രളയം | ചരിത്രം | 17 |
| 6.Mychildhood | കവിത | 18 |
| 7.അഴുക്ക് ചാലിൽ നിന്ന് ജീവിതതിതിലേക്ക | കഥ | 19 |
| 8.It's a mistake | കവിത | 22 |
| 9.തിളങ്ങും മലയാളം | റിപ്പോർട്ട് | 24 |
| 10.മരുഭൂമിയലെ വെള്ളം | കഥ | 26 |
| 11.കൊച്ചു പട്ടങ്ങളുടെ വിജയഗാഥ | റിപ്പോർട്ട് | 29 |
| 12.വരകൾ വർണ്ണങ്ങൾ | ചിത്രങ്ങൾ | 31 |
| 13 തിരിച്ചുവരവ് | കഥ | 33 |
| 14. ആഗ്രഹം | കഥ | 34 |
| 15.ആനയും പാപ്പാനും | കഥ | 35 |
| 16.പൗർണ്ണമിയുടെ നിലാവിൽ | കവിത | 37 |
| 17.മലാല വിദ്യാർത്ഥിനികളുടെ മാലാഖ | ലേഖനം | 38 |
| 18.കവിതകൾ | കവിത | 39 |
| 19.ശ്രദ്ധ | റിപ്പോർട്ട് | 41 |
| 20.സുലരി ഹിന്ദി | റിപ്പോർട്ട് | 42 |
| 21.ഡിജിറ്റൽ യുഗത്തിൽ നഷ്ടപ്പെടുന്ന ബാല്യം | ലേഖനം | 43 |
| 22.കടംകഥ | | 45 |
| 23.Friendship | | 47 |
| 24 നന്ദി | | 49 |
| 25. Photo Gallery | | |

# വിദ്യാലയം പറഞ്ഞത്

മലപ്പുറം ജില്ലയിലെ  നിലമ്പൂർ താലൂക്കിൽ വഴിക്കടവ് ഗ്രാമ പഞ്ചായത്തിലെ  മണിമൂളി എന്ന കാർഷിക പ്രദേശത്തെ സരസ്വതി ക്ഷേത്രമാണ ഞാൻ. വഴിക്കടവ് ഗ്രാമത്തിന്റെ വിദ്യാഭ്യാസ, സാമൂഹി



ക, സാംസ്ക്കാരിക, രാഷ്ട്രീയമേഖലകളിൽ പ്രൗഢമായ മുന്നേറ്റം നടത്തി, ക്രിസ്തു രാജാ ദേവാലയത്തിന്റെ തണലത്ത് ,തലയെടുപ്പോടെ ഞാൻ നിൽക്കാൻ  തുടങ്ങിയിട്ട് ഇന്നേക്ക് അറുപത്  വർഷങ്ങൾ പിന്നിട്ടു. തിരനോട്ടം നടത്തുമ്പോൾ ഏറെ സന്തോഷമുണ്ടെനിക്ക്.

അനേകം തലമുറകൾക്ക്  വിജ്ഞാനത്തിന്റെ ചെപ്പുകൾ നൽകാൻ കഴിഞ്ഞതിൽ, അവരുടെ വ്യക്തിത്വ വികസനത്തിന്,കാരണക്കാരാനാകാൻ കഴിഞ്ഞതിൽ  ഈ അമ്മ വിദ്യാലയം ഒരുപാട് സന്തോഷിക്കുന്നു.ലോകത്തിന്റെ നെറുകയിൽ, വിവിധ മേഖലകളിൽ അനേകം പ്രഗത്ഭ വ്യക്തിത്വങ്ങളാൽ ശോഭിക്കാൻ എനിക്ക് കഴിഞ്ഞു

ആയിരത്തി തൊള്ളായിരത്തി അറുപത്ത് രണ്ടിലാണ് ഞാൻ ജനിച്ചത്. പള്ളിയോട് ചേർന്ന് പള്ളികൂടവും വേണമെന്നുള്ള, അന്ന ത്തെ സഭാധ്യക്ഷൻമാരുടേയും, സാമൂദായിക നേതാക്കൻമാരുടേയും പ്രചോദന പ്രവർത്തനങ്ങൾ എന്റെ പിറവിക്ക് കാരണമായി.അങ്ങി നെ മാനന്തവാടി രൂപതയ്ക്ക് കീഴിൽ ഞാൻ പിച്ചവെച്ചു. കേവലം ആറു വിദ്യാർത്ഥികളുമായി വളരാൻ തുടങ്ങിയ ഞാൻ ഇന്ന് ആയിര ത്തി മൂന്നൂറിലേറെ വിദ്യാർത്ഥികളുടെ അമ്മയാണ്.

നീലഗിരി താഴ്‌വരയുടെ ഹരിതാഭം എന്നെ തഴുകുന്നത് കൊണ്ടാവാംഇവിടുത്തെ പ്രകൃതിയുടെ മനോഹാരിതയിൽ ഞാൻ ഇന്നും സുന്ദരിയായി നിലകൊള്ളുന്നത്. എത്രയെത്ര അധ്യാപകർ, കുഞ്ഞുങ്ങൾഈ തറവാട്ടു മുറ്റത്തുകൂടെ , കൈകൾ കോർത്ത് നടന്ന്, വിദ്യപകർന്നും, നുകർന്നും പടിയിറങ്ങി പോയിട്ടുണ്ട്. നിറപുഞ്ചിരിയോടെ ഞാൻ ഇന്നും അവരെ ഓർക്കുന്നു. അതോടപ്പം കാലം എന്നിൽ നിന്ന് തട്ടിയെടുത്ത എന്റെ കൺമണികളേയും ഞാൻ പ്രാർത്ഥനയിൽ ഓർക്കുന്നു.

ഇനിയും ലോകത്തിന്റെ അവസാനം വരെ യശ്ശസ്സുയ ർത്തി നിൽക്കാൻ, ഞാനുമായി ബന്ധപ്പെട്ട എല്ലാവരുടേയും കൈ താങ്ങും, പ്രാർത്ഥനയും എനിക്ക് ഉണ്ടായിരിക്കട്ടെ

പ്രാർത്ഥനയോടെ......

സി കെ എച്ച് എസ് മണിമൂളി




# LITTLE KITES

'LITTLE KITES' IT club is an unique initiative of KITE,which feature over 1 lakh student members. The Hi-school Kuttikootam programme, which was part of the Public Education Rejuvenation Mission of the State Government, through which students were given intense training in 5 areas such as Animation, Cyber Safety, Malayalam Computing, Hardware and Electronics, has been stucturally upgraded in Student Police Cadets model, thus becoming **'LITTLE KITES IT CLUBS'.**Little KITEs is

set to become the largest Student IT Network in the country.

Hon. Chief Minister, shri. Pinarayi Vijayan has launched this unique initiative on 22$^{nd}$ January 2018 at Thiruvananathapuram. In addition to the already identified 5 crores areas, more topics have been added such as Development of Mobile Apps, Programming, Robotics, E-Commerce,E-Governance, Video Documentation, Web TV etc to the activity bouquet of '**LITTLE KITES**'.

## OBJECTIVES OF LITTLE KITES PROGRAMME

- To encourage the natural interest of students in ICT field and to create a culture for appropriate usage of technology and software.

- To provide an opportunity for students to learn the different perspectives of ICT tools , so as to make use of them for their learning

activities.

- To ensure participation of students in the usage and up keeping on ICT equipments at schools, thereby increasing the productivity of the school is ICT enabled learning.

- To empower students to undertaken minor technical issues of ICT equipments.

To enrich students on proper and safe internet usage and Cyber security, and also to inculcate the importance of language computing.

CRIS THOMAS VIJO

9A

# ബുദ്ധിമാനായ മുയൽ

കാട്ടിലുള്ള താമരക്കുളത്തിനടുത്താണ് ചിന്നൻ മുയലിന്റെ താമസം. നിറഞ്ഞുനിൽക്കുന്ന താമരപ്പൂക്കൾ ആരുടെയും മനം കവരുന്നതാണ്. വെള്ളത്തിന്റെ ഓളം വെട്ടലിൽ പൂക്കൾ നൃത്തം ചെയ്യുന്നതും ഇളംകാറ്റിൽ ആടിയുലയുന്നതും ചിന്നൻ മുയൽ സായാഹ്ന ങ്ങളിൽ നോക്കിനിന്ന് രസിക്കാറുണ്ട്.

താമരക്കുളത്തിന്റെ ഇടതുഭാഗത്ത് ആനയോളം വലി പ്പമുള്ള ഒരു പാറക്കൂട്ടമുണ്ട്. പാറയുടെ നടുക്കായി ഒളിച്ചിരിക്കാൻ കഴി യുന്നവിധത്തിൽ ഒരു ദ്വാരവും. വെയിലിന്റെ ശക്തികുറഞ്ഞ സമയം ചിന്നൻ മുയൽ തന്റെ പതിവ് നടത്തം ആരംഭിച്ചു. പച്ചപുൽമേടുകളിൽ തുള്ളിക്കളിച്ചും മധുരമുള്ള ചെടികളിലെ ഇലകൾ ആസ്വദിച്ചു തിന്നും. അവൻ പതുക്കെ പാറക്കെട്ടിന്റെ അരികിലെത്തി. ഒറ്റക്കുതിപ്പിന് ചിന്ന ൻ പാറയുടെ മുകളിൽ കയറിപ്പറ്റി. അങ്ങ് ദൂരെ മലകളുടെ വിരിമാറിൽ വെയിലിന്റെ നിഴലാട്ടവും കാർമേഘ ങ്ങളുടെ ചുവടുവെപ്പും കണ്ടു രസി ച്ച് അവൻ പാറപ്പുറത്ത് കിടന്നു.

മുയലിന്റെ നടപ്പും കിടപ്പും കണ്ട് രസിച്ച് അല്പം ദൂരെ



വിരുതനായ ചിണ്ടൻ കുറുക്കൻ നില്ക്കുന്നുണ്ടായിരുന്നു. അവൻ മുയൽ കാണാതെ പതുക്കെ പതുക്കെ പാറയുടെ ദ്വാരത്തിൽ കയറി ഒളിച്ചിരുന്നു. ഇന്നത്തെ ശാപ്പാട് കുശാലമായി അവൻ മനസ്സിൽ കരുതി. അലിപസമയത്തിനുശേഷം ചിന്നൻ മുയൽ പാറയുടെ മുകളിൽനിന്ന് താഴെയിറങ്ങി താമരക്കുളത്തിന്റെ ഭാഗത്തേക്ക് നടന്നുനീങ്ങി. ശബ്ദം കേൾപ്പിക്കാതെ പതുങ്ങി പതുങ്ങി ചിണ്ടൻ കുറുക്കനും പുറകെ നടന്നു.ബുദ്ധിമാനായ ചിന്നൻ മുയൽ തന്റെ പിന്നിലൂടെ വരുന്ന നിഴൽ ശ്രദ്ധിച്ചു. ചിണ്ടൻ കുറുക്കന്റെ പതുങ്ങിയുള്ള വരവ് അവനെ ഭയപ്പെടുത്തി. അവന്റെ മനസ്സൊന്നാളി. അടുത്ത നിമിഷം മുയൽ താമരക്കുളത്തിലേക്ക് എടുത്തു ചാടി. ചിന്നനെ പിടിക്കാനായി ചിണ്ടൻ കുറുക്കനും കുളത്തിലേക്ക് കുതിച്ചു ചാടി. എന്നാൽ മറ്റൊരു കുതിപ്പിന് ചിന്നൻ താമരക്കുളത്തിന് വെളിയി ലെത്തി. കുറുക്കൻ അല്പസമയം വെള്ളത്തിന്റെ അടിത്തട്ടിലേക്ക് താഴ്ന്ന പോയി. കുളത്തിലുണ്ടായിരുന്ന ഞണ്ടിൻ കൂട്ടങ്ങൾ അവന്റെ ദേഹത്ത് ചാടിയറി കൂർത്ത മുനകൾ കുത്തിയിറക്കി. അവൻ വേദന കൊണ്ട് അലറി വിളിച്ചു. ചിണ്ടൻ കുറുക്കന്റെ അലർച്ച മലയുടെ അടിവാരത്ത് പ്രതിധ്വനികൾ സ്രുഷ്ടിച്ചു.

BY

BIJIN BENNY 9 B

# മിന്നാമിനുങ്ങിന്റെ

## നുറുങ്ങ് വെട്ടം.........



ഞാൻ എന്റെ അമ്മാവന്റെ വീട്ടിലേക്ക് യാത്രപുറപ്പെട്ടു. എന്റെ വീട്ടിൽ നിന്ന് ഏകദേശം 4 ദിവസമെങ്കിലും എടുക്കും അവിടെ എത്താൻ. ഒരു ഘോരവനംകടന്ന്, പുഴ താണ്ടി വേണം അവിടെ എത്താൻ ചോറുപൊതിയും വസ്ത്രങ്ങളും ഒരുസഞ്ചിയിലിട്ട് ഞാൻ നടന്നു. രാത്രിയിൽ ഏതെങ്കിലും ഒരുവഴി വക്കത്ത് തങ്ങും. കാഴ്ചകൾ എല്ലാം പഴയതുപോലെ. വ്യത്യാസം ഒന്നുമില്ല.

രണ്ടാം ദിവസം വൈകുന്നേരം ഒരു അഞ്ചു മണിയോടെ ഞാൻ ആ വനത്തിൽ എത്തി. കാലുകൾ എന്നെ നടക്കാൻ സമ്മതിച്ചില്ല. ഞാൻ കുറച്ചു നേരം വിശ്രമിച്ചു. എന്തോ ശബ്ദം കേട്ട് ഞാൻ ഞെട്ടി എഴുനേറ്റ പ്പോൾ അതാ ഒരു ആന ക്കൂട്ടം. ഞാൻ കരുതി തീർന്നു എന്ന്. എന്റെ കാലുകൾ വിറക്കാൻ തുടങ്ങി.ഞാൻ പേടിച്ചു. ശബ്ദം ഉണ്ടാക്കാതെ ഞാൻ മരങ്ങളുടെ ഇടയിലൂടെ പതുക്കെ നടന്നു.

ഭാഗ്യം എന്ന് പറയേണ്ട .... ഒരു വിധം കാട് കടന്നു . പക്ഷെ നേരം വൈകി. ഏകദേശം രാത്രി 12 .00 മണിയോളം ആയി. കടവിൽ എത്തി. പക്ഷെ തോണിയും ഇല്ല. എന്തുചെയ്യണമെന്ന് ഞാൻ ആലോചിച്ചിരിക്കുമ്പോൾ ആണ് ഞാൻ ആ കാഴ്ച കണ്ടത് ഒരു മിന്നാമനുങ്ങ്.കൂരിരുട്ടായിരുന്ന ആ ഘോര വനത്തിൽ അതാ ആ മിന്നാമിനുങ്ങിന്റെ വെട്ടം എങ്ങും പരന്നിരുന്നു. എന്തോ ആരോ എന്നെ നോക്കാൻ പറഞ്ഞു വിട്ടതുപോലെ.

അത് ഞാൻ ഉറങ്ങുന്നതുവരെ എന്റെ ചുറ്റും വട്ടമിട്ടു. പേടിച്ച് വിറടച്ചിന്ന ഞാൻആ വെളിച്ചത്തിൽ അല്ലാം മറന്നു. എന്നെ കണ്ട് "ടാറ്റ"പറയാൻ നിന്നതുപോലെ ഞാൻ ഉണർന്നപ്പോൾ എന്റെ മുമ്പിലൂടെ അത്

പെട്ടെന്ന്  മറഞ്ഞു പോയി.

ഞാൻ ആ പുഴയിലിറങ്ങി .മുഖവും കാലുകളും കഴുകി.ഞാൻ ഒന്ന് തിരിഞ്ഞ് നോക്കിയപ്പോൾ അതാ ഒരു തോണി.സമയം കളയാതെ ഞാൻ തോണിയുമായി പോയി . കുറേ തുഴഞ്ഞു. അവസാനം കാടും പുഴയും



കഴിഞ്ഞ് റോഡിലെത്തി .  പക്ഷെ മനുഷ്യ വാസമില്ലാത്തിടമായിരുന്നു അത്. പുഴയിൽ നിന്ന് അല്പം വെള്ളം കുപ്പികളിൽ  ശേഖരിച്ചു. പിന്നെ നടന്നു. നടന്ന് നടന്ന് ഞാൻ ഒരു വിധമായി. ക്ഷീണിച്ചു. ഏകദേശം എത്താറായി.രാത്രി, മനുഷ്യ വാസമില്ലാത്തയിടം. ഞാൻ തനിച്ച്.   പക്ഷെ അപ്പോഴും എനിക്ക് ഒരു വഴികാട്ടിയായി മിന്നമിനുങ്ങ് എന്റെ ചുറ്റും പറന്നു നടന്നു. എന്റെ ശ്രദ്ധ മുഴുവൻ ആ മിന്നാമിനുങ്ങിലായിരുന്നു. ഞാൻ മുന്നോട്ടു നോക്കിയപ്പോൾ വഴി തെറ്റി എന്ന് മനസ്സിലായി. വരുന്നതുവരട്ടെ എന്ന് കരുതി മുന്നോട്ട് നീങ്ങി.

നടന്ന് നടന്ന് ചെന്നപ്പോൾ അതാ ഒരു വീട് . ആ വീട്ടിൽ നിന്ന് ഒരു പ്രകാശവും  പ്രകാശം കണ്ടപ്പോഴാണ്  മിന്നാമിനുങ്ങിനെ  കാണാൻഇല്ല. ആ  വീടിനെ ലക്ഷ്യമാക്കി  ഞാൻ നടന്നു. വീടിന്റെ മുറ്റത്ത് ചെന്ന് ഞാൻ ഉറക്കെ  വിളിച്ചു ആരുമില്ലേ...?   പെട്ടെന്ന് ഒരാൾ  പുറത്തേക്ക് വന്ന് ചോദിച്ചു.

'ആരാ ഈ   പാതിരാത്രിയിൽ ' ഞാൻ   ഒന്നും മിണ്ടിയില്ല . അയാൾ എന്റെ അരികിൽ  വന്ന് ചോദിച്ചു. 'ആരാ' ?  എന്തുവേണം ? മുമ്പ് ഇവിടെ ഒന്നും    കണ്ടിട്ടില്ലല്ലോ ?   ഞാൻ പറഞ്ഞു എന്റെ പേര്   ശിവൻ കുട്ടി. ഞാൻ  അങ്ങ് ദൂരെന്നാവരുന്നത്. എനിക്ക് വഴി തെറ്റി. എന്നെ സഹാ

യിക്കുമോ?ഞാൻ എന്റെ അമ്മാവന്റെ വീട്ടിലേക്ക് പോവുകയായിരുന്നു. അമ്മാവന്റെ പേര് എന്താ -അയാൾ ചോദിച്ചു. ഞാൻ പറഞ്ഞു വാസുദേവൻ , നി ങ്ങൾക്ക് അറിയാമോ? ഇല്ല അയാൾ പറഞ്ഞു നിങ്ങൾക്ക് വഴിയറിയുമോ ഞാൻ ചോദിച്ചു. അറിയാം പക്ഷെ ഇപ്പോൾ പോകണ്ടാ റോഡിൽ വന്യമൃഗ ങ്ങൾ കാണും. നേരം വെളുത്തിട്ട് ഞാൻ കൊണ്ടുവിടാം എന്നും ഇവിടെ താമസിച്ചോളൂ എന്നും അദ്ദേഹം പറഞ്ഞു. ഞാൻ പറഞ്ഞു വളരെ നന്ദിയുണ്ട്.

ആ വീട്ടിൽ അദ്ദേഹം തനിച്ചായിരുന്നു. എനിക്ക് വയറു നിറയെ ആഹാരവും ഒരു കിടക്കയും തന്നു. അല്പനേരം സംസാരിച്ചിരുന്നു. പിന്നീട് ഞങ്ങൾ ഉറങ്ങി. പെട്ടെന്നു മുഖത്തു എന്തോ വീണു. എടുത്തു നോ ക്കിയപ്പോൾ കൂട്ടാതെ വന്നതിനു പിണങ്ങി നിന്ന മിന്നാമിനുങ്ങായിരുന്നു. പിന്നീട് ഞങ്ങൾ തമ്മിലായി സംസാരം .ക്ഷീണം കോണ്ട് അറിയാതെ ഉറ ങ്ങിപ്പോയി.

രാവിലെ കിളികളുടെ അതിമനോഹരമായ ഗാനം കേട്ടിട്ടാണ്എഴു ന്നേറ്റത്.അയാൾ കാപ്പി ഇട്ടുതന്നു.കൂടെ ഭക്ഷണവും. അതെല്ലാം കഴിച്ച് ഞങ്ങ ൾ ഒരുമിച്ച് യാത്ര പുറപ്പെട്ടു. യാത്രക്കിടെ ഞാൻ അയാളോട് ചോദിച്ചു. നിങ്ങ ൾ എന്തിനാ തനിച്ച് ഈ കാട്ടിൽ കഴിയുന്നത് ? അയാൾ പുഞ്ചിരിച്ചുകോണ്ട് പറഞ്ഞു , തന്നെ പോലെ നിരവധി പേർ വഴിതെറ്റി വരാറുണ്ട്. അവർക്ക് ഒരു വഴികാട്ടിയായി ഞാൻ അവിടെ താമസിക്കുകയാണ് . എനിക്ക് അയാളേയും അയാളുടെ സംസാരത്തെയും ഇഷ്ടമായി. ഞാൻ ചോദിച്ചു പേരെന്താ?

അയാളുടെ മറുപടി "ഗുപ്തൻ" . ഞങ്ങൾ നടന്ന് റോഡിന്റെ നടുഭാഗത്ത് എത്തിയപ്പോൾ അതാ ഒരു കാളവണ്ടി.പിന്നീട് യാത്ര അതി ലായി. ഞങ്ങൾ ലക്ഷ്യ സ്ഥലത്ത് എത്തി. എന്നെ വീട്ടിൽ വിട്ടിട്ട് ഗുപ്തൻ തിരിച്ചുപോയി.ആ രാത്രി എനിക്ക് ഉറക്കം വന്നില്ല. ഞാൻ മുറ്റത്തേക്കി റങ്ങി നോക്കിയപ്പോൾ അതാ .......ഒരു മിന്നാമിനുങ്ങ്

ഷിജി ഷാജി

9 B

# ജല പ്രളയം

മനുഷ്യസംസ്കാരത്തിൻെറ ഏറ്റവും പുരാതനമായ കേന്ദ്രമായിരുന്നു യൂഫ്രട്ടീസ്,ടൈഗ്രീസ് എന്നീ നദികൾക്കിടയിലുള്ള തീരഭൂമി.സർവ്വശക്തനായ അല്ലാഹു ആ നാടിനെ ഐശ്വര്യസമൃദ്ധമാക്കി.ഐശ്വര്യത്തിനുകാരണക്കാരനായ തന്നെഅറിയാനും വഴ്ത്താനും അല്ലാഹു ആനാട്ടുകാരെ ഉദ്ബോധിപ്പിച്ചു. പക്ഷെ ഐശ്വര സമൃദ്ധിയാൽ ഭോഗാസക്തരായ അവർ അഹങ്കാരം മൂലം അന്ധരായി. അല്ലാഹുവിൻെറ സ്ഥാനത്ത് മറ്റുവസ്തുക്കളെ പ്രഷ്ടിച്ചു പൂചിക്കാൻ തുടങ്ങി.

അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ചൂഷണവും അക്രമങ്ങളും അവിടെ കൊടികുത്തിവാണു. അല്ലാഹുവിൻെറ ഉദ്ബോധനങ്ങളെയും അല്ലാഹുവിനേയും അവർ നിക്ഷേധിച്ചു. അവർ അരാജകത്വത്തിലും അസാന്മാർഗികതയിലുആറാടി.അന്ധകാരത്തിൽ ആണ്ടുകിടക്കുന്ന ജനതയ്ക്ക് വെളിച്ചമേകാൻ നൂഹ് നബിയെ അല്ലാഹു നിയോഗിച്ചു.നൂഹ് സമുഹ

ത്തി ലെ സാധാരണക്കാരിൽ പെട്ട ദരിദ്രനായിരുന്നു.

സാമ്പത്തിക ശേഷിയുള്ളവർ പാവപ്പെട്ടവരെ പുച്ഛത്തോടെയാണ് വീക്ഷിച്ചിരുന്നത്. നൂഹ് നബി തൻെറ ജനതക്ക് മുന്നറിയിപ്പു നൽകി. ഞാൻ വഴി കാണിക്കുന്ന സത്യപാത നിങ്ങൾ ധിക്കരിച്ചാൽ ഭയങ്കരമായ വിപത്തുകൾ നിങ്ങളെ പിടികൂടും. അല്ലാഹുവിൻെറ ആജ്ഞകൾ നിങ്ങൾ സ്വീകരിച്ചില്ലെങ്കിൽ അന്ത്യദിനത്തിൽ വേദനാജനകമായ ശിക്ഷ നിങ്ങൾക്ക് അനുഭവിക്കേണ്ടിവരും.

എന്നാൽ ഈ ഉദ്ബോധനത്തെ സമുദായം അവഗണിക്കുകയായിരുന്നു.അവരിലെ അഹങ്കാരികളായചില പൗരമുഖ്യർ ചോദിച്ചു:നിങ്ങളുടെസമ്പത്തും ഐശ്വര്യവു മെല്ലാം നിങ്ങളെ അഹംഭാവികളാക്കി ത്തീർത്തിരിക്കുന്നു.അത് നശ്വരവും നൈമിഷികവുമാണ്.ധിക്കാരികളായ നിങ്ങൾ ശാശ്വത ലോകത്തെ നിഷേധിക്കുകയാണ്.

ദൈവം കാണിച്ചുതരുന്ന സത്യ പാതനിഷേധിക്കുകയും ദൈവത്തിൻെറ താക്കീതുകൾ ധിക്കരിക്കുകയും ചെയ്താൽ അതിൻെറ ഫലം വേദനാജനകമായ ശിക്ഷയായിയിരിക്കുമെന്ന് ഈ കഥ ഉദ്ബോധിപ്പിക്കിന്നു.ഇത്തര മൊരു സന്ദർഭത്തിൽ പ്രവാചകൻെറ മകനായാൽ പോലും അയാളെ രക്ഷിക്കാൻ ദൈവത്തിനാകില്ല.

*Hiba farvin AP*
*9A*

# *MY CHILDHOOD*

**W**hen I was small,



I wished to be big
But when I grew up,
I wish I could be small.
And play with the Butterflies,
Who are waiting for me.

I want to play in a swing,
Like I did when I was child
I played in mud and made my clothes dirty,
I went to hill to play hide and seek
My childhood was full of Happiness
I wish to be small like that.

SHIFA C.P
9A

# അഴുക്കു ചാലിൽ നിന്ന്

# വിജയത്തിലേക്ക്

ആഗ്രഹങ്ങളും സ്വപ്നങ്ങ ളും കൂട്ടിയിട്ട് കത്തിച്ച ചൂടിൽ തിളച്ചുരുകിയ ചില ജീവിതങ്ങൾ നമ്മുക്ക് ചുറ്റുമുണ്ട്. അങ്ങനെയുള്ള ഒരു ബാലനായിരുന്നു രാജു. ജീവിതം എങ്ങനെ തുടങ്ങി എന്നതിൽ അവനിപ്പോഴും ആശ്ചര്യകുഴപ്പത്തിൽ. പിന്നീട് അവനെ ജീവിതം എന്ത് എന്നത് പഠിപ്പിക്കുന്നത് അച്ഛനാണ്. തെരുവിലെ ജീവിതമാണ് സുഖകരമായ ജീവിതത്തെക്കാൾ നല്ലതെന്ന് അച്ഛൻ അവനോട് കള്ളം പറഞ്ഞു. അവൻ സുഖകരമായ ജീവിതം ചോദിക്കുമോ എന്ന് ഭയന്നായിരുന്നു അങ്ങനെ പറഞ്ഞത്. കോട്ടും സൂട്ടും ഇട്ട ആളുകളുടെ മുമ്പിൽ യാചിച്ചായിരുന്നു ഓരോ ദിനവും കഴിച്ചുകൂട്ടിയത്. താൻ കഴിച്ചില്ലെങ്കിലും തന്റെ മകനുവേണ്ടി ബിസ്കറ്റ് മേടിച്ചുകൊടുക്കും.

ചില ദിവസം കാശ് കിട്ടിയില്ലെങ്കിൽ അന്നു പട്ടിണി. അങ്ങ നെ മുഖത്തോടുമുഖം നോക്കി ജീവിതം കഴിച്ചുകൂട്ടുന്നു.ഒരു ദിവസം രാജു കുട്ടികൾ സ്കൂളിൽ പോകുന്നതും നോക്കി തെരുവിൽ ഇരിക്കുകയായിരുന്നു. പുതിയ കുടയും ബാഗും കണ്ട് അവന്റെ കണ്ണ് മഞ്ഞളിച്ചു . പെട്ടെന്ന് എവിടെയോ നിന്ന് ഒരു വിളി "മോനേ " അവൻ ഓടിച്ചെന്നപ്പോൾ അവിടെ അതാ അച്ഛൻ പിടയുന്നു. രക്തത്തിൽ പിടഞ്ഞു മരിക്കുന്ന അച്ഛനെ നോക്കാൻആരും തയാറായില്ല. അങ്ങനെ അച്ഛൻ വിടവാങ്ങി. ആൾക്കൂട്ടത്തിനിടയിൽ പൊട്ടിക്കരഞ്ഞ രാജുവിനെ നോക്കി എല്ലാവരും സെൽഫി എടുത്തു.

ഇങ്ങനെ റോഡിൽ കിടക്കുന്നത് ശരിയല്ലെന്ന് കണ്ട് ആളുകൾ അവന്റെ അച്ഛനെ അഴുക്കു ചാലിലേക്കെറിഞ്ഞു. അവൻ പോട്ടി കരഞ്ഞു. ദിവസങ്ങൾ കഴിഞ്ഞ് അച്ഛൻ ദ്രവിച്ചുപോയി. അവൻ ആലോചിച്ചു.

പുതുതലമുറ എന്നത് ഞങ്ങളെപോലെയുള്ളവരെ വെറുക്കുന്നു. ഞങ്ങൾ എന്ത് തെറ്റ് ചെയ്തു. അങ്ങനെ അവൻ ഒറ്റക്ക് നടന്ന് അഴുക്കുചാലിൽ നിന്ന് വെള്ളം കുടിച്ച് അപ്പോൾ അവന്റെ അടുക്കൽ ഒരു ഭ്രാന്തൻവന്നു. അയാൾ അവനോട് ചോദിച്ചു "എന്റെ കൂടെ പോരുന്നോ എന്ന്" അവൻ തന്റെ അച്ഛൻ പുതിയ ജന്മം കോണ്ട് വന്നു എന്ന് കരുതി അദ്ദേഹത്തിന്റെ കൂടെ പോയി. അദ്ദേഹം അവനെ കുടിലിലേക്ക് കൊണ്ടുപോയി. അവൻ ആ കുടിലു കണ്ട് അദ്ഭുതപ്പെട്ടു. ആകാശം മേൽക്കൂരയാക്കിയ കുടിൽ. രാവിലെ കുട്ടികൾ സ്കൂളിൽ പോകുന്നതും നോക്കി അവൻ അവിടെ നിന്നു. തനിക്ക് ഇങ്ങനെ ഒരു ദിനം വരുമോ എന്നാഗ്രഹിച്ച് അവിടെ നിന്നു. അപ്പോൾ ഭ്രാന്തൻ അവന്റെ അടുക്കൽ വന്ന് ചോദിച്ചു. മോന് ഇങ്ങനെ പോവാൻ തോന്നുന്നുണ്ടല്ലേ അവൻ ചെറുപുഞ്ചിരിയോടെ തലയാട്ടി.

അവനെയും കൂട്ടി അദ്ദേഹം തെരുവിലേക്കിറങ്ങി.ഓരോ മനുഷ്യരുടെയും കാലിൽ യാചിച്ച് ഇരുന്നു. ഒരു രൂപയും രണ്ടു രൂപയും വാങ്ങി ഇദ്ദേഹത്തിന്റെ കഷ്ടപ്പാടു കണ്ട് അവൻ നിശ്ചയിച്ചു. ഞാൻ സ്കൂളിൽ പോയാൽ ഞാൻ പഠിക്കും എന്ന്. അങ്ങനെ അവൻ സ്കൂളിൽ പോയി.അവനെ കണ്ട് എല്ലാ വരും കളിയാക്കി.അവനെ ഒറ്റക്ക് നിലത്തിരുത്തി. ഇതല്ലാം സഹിച്ച് അവൻ നിന്നു. ഒന്നാം പരീക്ഷ കഴിഞ്ഞു അവൻ അല്ലാറ്റിനും പരാജയപ്പെട്ടു. രണ്ടാം പരീക്ഷയിൽ അവൻ വിജയിച്ചു. ഒന്നാം റാങ്കോടു കൂടെ.സന്തോഷം അറിയിക്കാനായി ആ ചെറ്റ കുടിലിലേക്ക്ഓടുന്ന വഴി കണ്ടത് എല്ലാവരും ആ ഭ്രാന്തനെ തല്ലികോല്ലുന്നതായിരുന്നു. പോട്ടിക്കരഞ്ഞ അവൻ പ്രതികാരത്തിന്റെ അഗ്നിയുമായി അവൻ മുന്നോട്ടു കുതിച്ചു. പഠനത്തിൽ ഒന്നാമതായി.

അവൻ പഠിച്ച് ജില്ല കളക്ടറായി. അവൻ അനാഥർക്കു

വേണ്ടി ഒരു കെട്ടിടം നിർമ്മിച്ചു. അവനോട് അവന്റെ പിൻ ഗാമിചോദിച്ചു.

എന്തിനാണ് താങ്കൾ ഇങ്ങനെ ചെയ്യുന്നത്. കണ്ണിൽ വെള്ളം പൊടിഞ്ഞു

പറഞ്ഞു ഒരു നേരത്തെ ആഹാരം സ്വപ്നമായി മാറ്റിയവർ .... തല ചായ്ക്കാൻ ആകാശത്തെ മേൽക്കൂരയാക്കിയവർ നമ്മുടെ ചുറ്റുപാടുകളിലാണ് ഇവരും താമസിക്കുന്നത് . നാം ജീവിതംവെട്ടിപ്പിടിക്കുന്ന തിരക്കിൽ ഇവരെ കാണുന്നില്ല , കണ്ടില്ലെന്നു നടക്കുന്നു. അതാണു സത്യം... അവരും മനുഷ്യരാണ് . അവർക്കുമുണ്ട് ആഗ്രഹങ്ങളും സ്വപ്നങ്ങളും . മറ്റുള്ളവർക്കു വേണ്ടി ജീവിക്കുമ്പോഴാണ് യഥാർത്ഥ ജീവിതം ആവുന്നത് .വെട്ടിപ്പിടിച്ച ഒന്നും നാളെ നാം കൊണ്ട് പോവുന്നില്ല. ഒരാളുടെ വിശപ്പുമാറ്റി പുഞ്ചിരിവിടർത്താൻ സാധിച്ചാൽ അതിനപ്പുറം ലോകത്ത് ഒന്നും തന്നെയില്ല. നാം വിചാരിച്ചാൽ ആ പുഞ്ചിരി വിടർത്താനും..

*ഒരിക്കൽ ഞാനും ആയിരുന്നു അങ്ങനെ ഒരാൾ......*

BY

Ansha baby

# IT'S A MISTAKE




If a Tailor makes mistake
It is a new fashion
If a Barber makes a mistake
It is a new style
If a Driver makes a mistake
It is an Accident
If is a Doctor makes a mistake
It is an operation
If a Scientist makes mistakes
It is a new theory
If a Teacher makes mistakes
It is a new subject
If an Advocate makes mistakes
It is a new law

If an Engineer makes mistakes
It is a new construction
If a Painter makes mistakes
It is a new picture
If a Cook makes a mistakes
It is a new dish
If a Dancer makes a mistakes
It is a new step
If a student makes a mistakes
It is a **MISTAKE**!




*ANSHIBA M.K*
*9A*

# തിളങ്ങും മലയാളം



കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ മൂന്ന് മുതൽ പത്താം ക്ലാസ്സ് വരെ പഠിക്കുന്ന എല്ലാ കുട്ടികൾക്കും അടിസ്ഥാന ഭാഷാവികസന ശേഷി ഉറപ്പ് വരുത്തുക, എല്ലാ പൊതുവിദ്യാലയങ്ങളും മികവിന്റെ ക്രേന്ദങ്ങളാക്കുകഅക്കാദമിക മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ ഭാഷാ പരിപോഷണപരിപാടി നടപ്പിലാക്കി എല്ലാ കുട്ടികളുടേയും ഭാഷാ വികസനം ഉറപ്പാക്കുകതുടങ്ങിയ ലക്ഷ്യങ്ങളുടെ സാക്ഷാത്ക്കാരത്തിനായി സർക്കാർ ആവിഷ്ക്കരിച്ച മലയാള തിളക്കം പദ്ധതി വളരെ നല്ല നിലയിൽ തന്നെ സ്കൂളില് നടപ്പാക്കി.യു പി ഹൈസ്കൂൾ വിഭാഗം മലയാളം അധ്യാപകരുടെ മേൽനോട്ടത്തിൽ പ്രത്യേക എസ് ആർ ജി മീറ്റിംഗുകൾ ചേർന്ന് പഠന പ്രവർ ത്തനങ്ങൾ ആസൂത്രണം ചെയ്തു.

06/11/ 2018 ബഹുമാനപ്പെട്ട പി റ്റി എ പ്രസിഡണ്ട് സ്കൂൾ തലത്തിൽ മലയാളതിളക്കത്തിന്റെ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചതോടു കൂടിഎട്ട് ദിവസം നീട്ടുനിന്ന പഠനപ്രവർത്തനങ്ങൾക്ക്തു ടക്കമായി.മുഴവൻ അധ്യാപകരും ഈ യഞ്ജത്തിൽ പങ്കാളികയായി എന്നത് വളരെശ്രദ്ധേയമാണ്. മലയാള തിളക്കത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥികളുടെ രക്ഷിതാക്കളിൽ നിന്ന്നവളരെ ആവേശപൂർണ്ണമായ പ്രതികരണമായിരുന്നു കിട്ടിയത്.

ഹൈസകൂൾ വിഭാഗത്തിൽ നിന്ന് എഴുപത്തിഎട്ടു കുട്ടികളും യു പി വിഭാഗത്തിൽ നിന്ന് തൊണ്ണൂറ്റി രണ്ട് കുട്ടികളും വ്യക്തമായ പുരോഗതി കൈവരിച്ചു എന്നത് അഭിനന്ദനാർഹമാണ്.

04/12/18 ന് മലയാളതിളക്കത്തിന്റെ വിജയ പ്രഖ്യാപനം സ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച സമുചിതമായി ആഘോഷിച്ച, വഴിക്കടവ് ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. ഇ .സുകു , നിലമ്പൂർ ബി പി ഒ ശ്രീ. മോഹൻകുമാർ സർ, പി റ്റി എ പ്രസിഡണ്ട് ശ്രീ. രാമചന്ദ്രൻ, ഹെഡ് മാസ്റ്റർ.ശ്രീ.ടോംസ് ജോൺ, മറ്റു ജനപത്രിനിധികൾ എന്നിവരാൽ സദസ്സ് അനുഗ്രഹീതമായിരുന്നു.

ബി പി ഒ ശ്രീ. മോഹൻകുമാർ സർ മലയാളതിളക്കത്തെ ആധികാരികമായി സംസാരിച്ചു.ഇതിലൂടെ നിലമ്പൂർ താലൂക്കിലെ വിദ്യാലയങ്ങൾ കൈവരിച്ച നേട്ടത്തെയും അദ്ധേഹം അനുസ്മരിച്ചു. മികച്ചനേട്ടം കൈവരിച്ച വിദ്യാർത്ഥികൾക്ക് പ് റ്റി എ ഏർപ്പെടുത്തിയ സമ്മാനങ്ങൾ പ്രസിഡണ്ട് ശ്രീ. രാമചന്ദ്രൻ നൽകി. മലയാള തിളക്കത്തിൽ പങ്കെടുത്ത വിദ്യാർത്ഥികളുടെ ഉൽപന്നങ്ങളുടെ പങ്ക് വെക്കൽ മനേഹരമായിരുന്നു. തിളക്കത്തിന്റെ ഔദ്ധ്യഗിക വിജയപ്രഖ്യാപനം നിറഞ്ഞ സദസ്സിനെ സാക്ഷിയാക്കി സീനിയർ അസിസ്റ്റന്റ് ശ്രീമതി. ഡെയ്സി പോൾ ടീച്ചർ നിര്വ്വഹിച്ചു

തീർച്ചയായും മാതൃഭാഷ പരിപോഷണത്തിന്റെ ആവശ്യകതയേയും പ്രാധ്യാന്യത്തേയും സ്വാധീനിക്കുന്ന ഇത്തരം പ്രവർത്തനങ്ങൾ ഫലം കാണുക തന്നെ ചെയ്യും. ഇതു വഴി നമ്മുടെ പൊതുവിദ്യാലയങ്ങൾ ഒരു പടി കൂടി മുന്നിലെത്തുമെന്ന് നമുക്ക് പ്രത്യാശിക്കാം....

റിപ്പോർട്ട് തയ്യാറാക്കിയത്

ശ്രീമതി. മരിയ ചാന്ദ്നി തോമസ്

മലയാള തിളക്കം കൺവീനർ

# മരുഭൂമിയിലെ വെള്ളം

രാജസ്ഥാനിലെ ബീക്കാറാം എന്ന സ്ഥലത്ത് രണ്ട്
സഹോദരൻമാർ ഉണ്ടായിരുന്നു.അജയനും, വിജയനും.രണ്ടുപേരും
നല്ല ശിൽപ്പികളായിരുന്നു. രണ്ടുപേർക്കും ശില്പ്പം വില്ക്കുന്ന കടയു
ണ്ടായിരുന്നു. അജയനും,വിജയനും മാറിമാറിയാണ് കടനോക്കിയി
രുന്നത്. ഇതിനോടൊപ്പം  രണ്ടുപേരും ശില്പവും നിർമ്മിക്കും. ഒരു
ദിവസം അവരുടെ കടയിൽ രണ്ടു സഞ്ചാരികൾ വന്നു. അതിലെ ഒരു
സഞ്ചാരി ചിരിക്കുന്ന ബുദ്ധന്റെ പ്രതിമ കണ്ടിട്ട് പറഞ്ഞു ഹായ് എന്തു
രസമാണ് ഈ പ്രതിമ അപ്പോൾ ആ സഞ്ചാരി ചോദിച്ചു. ഇതിനെത്ര
യാണ് വില?   അപ്പോൾ അജയൻ പറഞ്ഞു.ഒരു സ്വർണ്ണനാണയം.

അപ്പോൾ ആസഞ്ചാരി പറഞ്ഞു ഇത്രെയെഉള്ളൂ
എന്നാ ഇതു വച്ചോളൂ. എന്നിട്ട് ആ സഞ്ചാരി പോകാൻ തുടങ്ങിപ്പോൾ
പറഞ്ഞു നിങ്ങൾക്ക് പട്ടണത്തിൽ പോയി ശിൽപ്പങ്ങൾ വിറ്റുകൂടെ
കുറച്ച് നേരം കഴിഞ്ഞപ്പോൾ അജയനും വിജയനും കൂടിആലോചി
ച്ചു.പിന്നെ അവർ  പറഞ്ഞു നമ്മുക്ക്  പട്ടണത്തിൽ പോയി ജോലി
ചെയ്ത്ശില്പ്പമുണ്ടാക്കി കോടീശ്വരൻമാരാകാം.

അടുത്ത ദിവസം തന്നെ അജയനും വിജയനും പട്ടണ
ത്തിലേക്ക് യാത്രയായി.ഒന്നാം ദിവസം മരുഭൂമിയിലൂടെ യാത്ര ചെയ്തു.

രാത്രിയായപ്പോൾ ഭക്ഷണം കഴിച്ച് ഉറങ്ങി.രണ്ടാം ദിവസം ,മൂന്നാം

ദിവസം ,നാലാം ദിവസവുംനല്ലതായി പോയി.അഞ്ചാം ദിവസം അവരുടെ കൈയിലെ ഭക്ഷണം തീർന്നു.അപ്പോൾ അജയൻ പറഞ്ഞു നമ്മുടെ കൈയിലെ വെള്ളവും ഭക്ഷണവും കഴിഞ്ഞു കുതിരയും മുന്നോട്ട് നീങ്ങുന്നില്ല.അപ്പോൾ വിജയൻ പറഞ്ഞു നമ്മൾ വെള്ളം കണ്ടെത്തി യില്ലെങ്കിൽ നമ്മൾ പട്ടണി കിടന്ന് ചാകും.അപ്പോൾ അവർ കുറച്ചു നേരം കൂടി നടന്നു.പച്ചപ്പു പിടിച്ച ഒരു സ്ഥലം അവർ കണ്ടു.

അപ്പോൾ വിജയൻ പറഞ്ഞുഅവിടെ ഉറപ്പായും വെള്ളമുണ്ടാകും.കാരണം വെള്ളമുണ്ടെങ്കിൽമാത്രമേ അവിടെ പച്ചപ്പുണ്ടാകൂ.അജയനും,വിജയനും അവിടെ ചെന്ന് നോക്കുമ്പോൾ അവിടെ നറച്ചും ഈർപ്പം.അപ്പോൾ തന്നെ അവർവ കുഴിക്കാൻ തുടങ്ങി. രണ്ടടി കുഴിച്ചപ്പോഴേക്കും വെള്ളം പുഴപോലെ ഒഴുകാൻ തുടങ്ങി.അവർ അപ്പോൾ തന്നെ വെള്ളം കുടിക്കാൻ തുടങ്ങി.കുതിരക്കും കൊടുത്തു.എന്നിട്ട് അവർ പിന്നെയും യാത്ര തുടങ്ങി.അപ്പോൾ അവർ വിശാകപട്ടണം എന്ന സ്ഥലതെത്തി.അവരുടെ കച്ചവടം തുടങ്ങി കോടീശ്വരന്മാരായി.

അഭി

# കൊച്ചു പട്ടങ്ങളുടെ വിജയഗാഥ



***ലിറ്റിൽ കൈറ്റ്സ്*** ഡിജിറ്റൽ വിദ്യാഭ്യാസ രംഗത്ത് പേരു പോലെ അതിരുകളില്ലാതെ പാറിപ്പറക്കുന്ന സ്കൂൾ ഐ റ്റിക്ലബ്ബ്. സ്കൂൾ വിദ്യാഭ്യാസ കാലത്തെ നിർണ്ണായകമായ രണ്ട് വർഷംകൊണ്ട് വിവര വിനിമയ സാങ്കേതിക വിദ്യയുടെ നൂതന സംവിധാനങ്ങളെ പറ്റി പഠിക്കാനും, സ്വായത്തമാക്കാനും ഇവർക്ക് കഴിയുന്നു

പൊതു വിദ്യഭ്യാസ രംഗത്തെ ശാക്തീകരണത്തോടനുബന്ധിച്ച്, ഡിജിറ്റൽ തരംഗമായിട്ടാണ് കൈറ്റിന്റെ മേൽനോട്ടത്തിൽ *ലിറ്റിൽ കൈറ്റ്സ്* വിദ്യാലയങ്ങളിൽ പ്രവർത്തിക്കുന്നത്. സാങ്കേതിക വിദ്യയോടുള്ള പുതു തലമുറയുടെ ആഭിമുഖ്യം ഗുണപരമായും, സർഗ്ഗാത്മകമായും പ്രയോജനപ്പെടുത്താൻ സാധിക്കുന്നു.

ലിറ്റിൽ കൈറ്റ്സ് പദ്ധതിയിൽ അംഗമായ വിദ്യാർത്ഥിക്ക് പരിശീലനകാലയളവിൽ വൈവിധ്യമാർന്ന പരിശീലനപ്രവർത്തനങ്ങളിലൂടെ കടന്ന് പോകാനുള്ള അവസരം ലഭിക്കുന്നു. ഗ്രാഫിക്സ് & ആനിമേഷൻ, സ്ക്രാച്ച് പ്രോഗ്രാമിങ്ങ്, പൈത്തൺ പ്രോഗ്രാമിങ്ങ് മൊബൈൽ ആപ്പ് നിർമ്മാണം, റോബോട്ടിക്സ്, ഇലക്ട്രോണിക്സ് ഹാർഡ്‌വെയർ, മലയാളം കംമ്പ്യൂട്ടിങ്ങ്, ഡെസ്ക്ടോപ്പ് പബ്ലിഷിങ്ങ് ഇന്റർനെറ്റും സൈബർ സുരക്ഷയും എന്നിങ്ങനെ വിവിധ മേഖലകളാണ് യൂണിറ്റ് തല പരിശീലനത്തിൽ ഉൾകൊള്ളിച്ചിരിക്കുന്നത്.മികവ് പുലർത്തുന്ന വിദ്യാർത്ഥികൾക്ക് സബ്ജില്ല, ജില്ല, സംസ്ഥാനതല പരിശീലനങ്ങളും ലഭിക്കുന്നു.

2018 -19 അധ്യയന വർഷത്തിൽ സ്കൂൾ തല ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾക്ക് ,21 /07/2018 ന് നിലമ്പൂർ ഉപജില്ലാ മാസ്റ്റർ ട്രെയിനർ ശ്രീ. ജേക്കബ് സത്യൻ സർ ഔദ്ധ്യോഗികമായി തുടക്കം കുറിച്ചു. തുടർന്ന് കൈറ്റ് മിസ്ട്രസ്സുമാരായ ശ്രീമതി. ഹൗലത്ത്, ഷൈനിമോൾ കല്ലാനിക്കൽ എന്നിവരുടേ നേതൃത്വത്തിൽ ആഴ്ചയിൽ ഒരു ദിവസം വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നു. കൈറ്റ് ലഭ്യമാക്കിയ ഹാർഡ് വെയർ ഉപകരണങ്ങൾ, പ്രവർത്തന മൊഡ്യൂൾ

എന്നിവ ഇതിനായി പ്രയോജനപ്പെടുത്തുന്നു കൂടാതെ എടക്കര ഹൈ സ്കൂളിൽ വെച്ച് നടന്ന സബ്ജില്ലാ തല ക്യാമ്പുകളിലും പങ്കെടുക്കാൻ നമ്മുടെ വിദ്യാർത്ഥികൾക്ക് അവസരമുണ്ടായി.

മെമ്പർമാർക്കുള്ള ബാഡ്ജ്, പരിശീലന ഡയറി എന്നിവ ബഹുമാനപ്പെട്ട ഹെഡ്മാസ്റ്റർ വിതരണ ചെയ്തു.അധ്യാപക ദിനത്തിൽ എല്ലാ അധ്യാപകർക്കും കൈറ്റ് മെമ്പർമാർ തയ്യാറാക്കി വിതരണം ചെയ്ത അധ്യാപക ദിന ആശംസ കാർഡ് കൈറ്റിന്റെ പ്രവർത്തനങ്ങൾക്ക് വർണ്ണ ചാരുതയേകുന്നു. വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ നടക്കുന്ന ദിനാചരണങ്ങൾ, സ്കൂൾ തല ആഘോഷ ങ്ങൾ, മലയാള തിളക്കം, ശ്രദ്ധ, സുരലീ ഹിന്ദി മുതലായ പരിശീലന പ്രവർത്തനങ്ങളുടേയും ദൃശ്യാവിഷ്ക്കാരം നടത്തുന്നത് സ്കൂളിലെ ലിറ്റിൽ കൈറ്റസ് മെമ്പർമാരാണ്.

ഇത്തരം പരിശീലന പരിപാടികളിലൂടെ നൂതനസാങ്കേ തിക വിദ്യാലോകത്തേക്ക് വിദ്യാർത്ഥികളെ കൈപിടിച്ചുയർത്താനും ഈ മേഖലയിൽ വൈദഗ്ധ്യവും, അഭിരുചിയുമുള്ള ഒരു പുത്തൻ തല മുറയെ രൂപപ്പെടുത്തിയെടുക്കാൻ കഴിയുന്നു.

സ്കൂൾ ഐ റ്റി കോർഡിനേറ്റർ

ഹൗലത്ത്.കെ

# വരകൾ വർണ്ണങ്ങൾ









മുർഷിദ പി.കെ







**ഷഹലാബാനു**



റിസ്‌വാന

ഷഹലാ
ബാനു



# തിരിച്ചു വരവ്

മദ്ധ്യഹന സൂര്യന്റെ കൊടും ചൂടിനെ അവഗണിച്ചുകൊണ്ട് പൊടിപടലങ്ങളും ചരൽക്കല്ലുകളും നിറഞ്ഞ ഒറ്റയടി പ്പാതയിലുടെ അയാൾ നടന്നു. മനസ്സിൽ ഒട്ടേറേ ചിന്തകൾ ഊടും പാവും നെയതുകൊണ്ടിരുന്നു. പൈൻ മരച്ചുവട്ടിലെ ഇത്തിരിപോന്ന നിഴലിൽ അയാൾ  അല്പസമയം നിശ്ബദമായി ഇരുന്നു . എത്രയെത്ര നിർഭാഗ്യങ്ങൾ തന്റെ ജീവിതത്തിൽ വേലിയേറ്റങ്ങളും വേലിയിറകങ്ങളും ഉണ്ടാക്കി. ഊടുവഴിക്ക് അക്കരെയുള്ള മുൾമുരുക്കിൻെറപൂവുകളിലേക്ക്അയാൾനോക്കി.  കൊൻകിണ്ണിക്കാടുകൾ ക്കിടയിൽ നിറയെ പൂത്തൂനിൽക്കുന്ന ആ മുൾമുരുക്ക തന്റെ ജീവിതം തന്നെയല്ലേ  എന്ന് അയാൾ സംശയിച്ചു .

യുവത്വത്തിന്റെ തിളപ്പിൽ എല്ലാം വെട്ടിപ്പിടിക്കണം എന്നുള്ള ആത്യാഗ്രഹം ആയിരുന്നല്ലോ അത്.അതൊരു ലഹരിയായി തന്റെ സിരകളിൽ വ്യാപിച്ചപ്പോൾ എല്ലാ നീതി ശാസ്ത്രങ്ങളും പുച്ഛിച്ചു തള്ളി.അല്പനാളുക്കൾക്കിടയിൽ പേരും പ്രശ്സതിയും ഒന്നൊന്നായിതന്നെ തേടിയെത്തി. ആ ഉന്മാദത്തിൽ എല്ലാം മറന്നു. ആരുടെയും നിലവിളിക്ക് ചെവികൊടുത്തില്ല. ശാപവാകുക്കൾ പുച്ഛിച്ചു തള്ളി. എല്ലാം മേൽക്കുമേൽ നേടികൊണ്ടിരുന്നു . അമ്മ, അച്ഛൻ,  സഹോദരങ്ങൾ , കടപ്പാട് ഇതെല്ലാം തന്റെ ജീവിതത്തിൽ ബാധ്യതകൾ ആണെന്നും അയാൾ ചിന്തിച്ചു. അയാൾ ഒരു നിമിഷം അനന്തതയില്ലേക്ക് കണ്ണുകൾ പായിച്ചു. എവിടെ നിന്നോ നിശ്ബദമായ ഒരു തേങ്ങൽ തന്നെ വേട്ടയാടുന്നതായി അയാൾക്കു തോന്നി. അയാൾ മെല്ലെ എഴുന്നേറ്റ്മുന്നോട്ട് നടക്കുവാൻ ആഞ്ഞു.

ഓർമ്മകൾ ഓരോന്നും ശരവേഗത്തിൽ  തന്നെ വേട്ടയാടുകയാണ്


അയാൾക്ക തോന്നി. പണമുണ്ടാക്കുന്ന അത്ത്യർത്തിയിൽ എത്രയെത്ര ജീവിതങ്ങൾ നശിപ്പിച്ചു . മയക്കുമരുന്ന വ്യാപാരം ഒരു ഹരമായി തോന്നി. അതിലൂടെ ലക്ഷങ്ങൾ എറിഞ്ഞ് കോടികൾ നേടി.

പക്ഷെ എല്ലാം പെട്ടന്നായിരുന്നല്ലോ . ആ നിമിഷം ഓർക്കാൻ കൂടി കഴിഞ്ഞില്ല . എല്ലാം വ്യാമോഹങ്ങളുടെയും അന്ത്യം ..........14 വർഷത്തെ ജയിൽ വാസം താൻ നേടിയ സാമ്രാജ്യങ്ങൾ ഓരോന്നായി അടർന്നു വീണു. ആ തകർച്ചയുടെ മുന്നിൽ നിസ്സഹായന്നായി നോക്കി നിൽക്കാന്നെ തനിക്കുകഴിഞ്ഞുള്ളുകേസുക്കൾ,കണ്ടുകെട്ടലുകൾ, പിടിച്ചെടുക്കലുകൾ . അവസാനം ഇന്നിതാ ശൂന്യമായ കൈക്കളോടെ ഒരു മടങ്ങി പ്പോക്ക് ആ യാത്ര അവസാനിച്ചത് . ഒരു കൊച്ചുവീടിൻെറ മുറ്റത്തായിരുന്നു. അയാൾ ചിന്തയിൽ നിന്നുണർന്നു. ജീർണ്ണിച്ച വാതിൽ പാളികളിൽ രണ്ടുപ്രവശ്യം തട്ടി. മെല്ലെ വാതിൽ തുറന്നപോൾ അവശയും വ്യർദ്ധയുമായ തൻെറ അമ്മ. അയാൽ അറിയാതെ തന്നെ ആ മാറിലേക്ക ചാഞ്ഞു. അവർ മകനെ മാറോട് ചേർത്ത അണച്ച് തെരുതെരെ ചുംബിച്ചു . അയാളുടെ കണ്ണീർകണങ്ങൾ അവരുടെ വസ്ത്രാന്ജലത്തിലൂടെ ഒഴുകിക്കൊണ്ടിരുന്നു

ആൻ മേരി

9 A

# ആഗ്രഹം




ഒരു കഥ എഴുതണം

ഒരു കഥ എഴുതണമെന്നായിരുന്നു എൻെറ ആഗ്രഹം.കറുത്ത മഷി പിടിച്ച പേനയുമായി ഇരിക്കുമ്പോൾ എങ്ങനെ ഒരു കഥ എഴുതും ഏതു വിഷയം എഴുതും എന്നൊക്കെ സംശയമായിരുന്നു. ആരുടെ കഥ എഴുതും എൻെറ കഥ ഒരു കഥയാകുമോ? ......

എൻെറ സന്തോഷവും ദുഃഖവും ചേർന്ന എൻെറ ജീവിതം ഒരു കഥയാവുമോ അപ്പോഴാണ് മനസ്സിലായത് നമ്മൾ കാണുന്ന ഏതൊരു മനുഷ്യ ജീവിതവും ഒരു കഥയാണ്.

ഇനി ഞാൻ എഴുതി തുടങ്ങുകയാണ്

ഷിഫ സി പി
9A

എൻെറ

കഥ............

# ആനയും പാപ്പാനും

ഒരിക്കൽ ഒരു ആന റോഡിലൂടെ നടന്നുപോകുന്നത് ഒരാൾ കാണാനിടയായി. നല്ല വലുപ്പമുണ്ടായിരുന്ന ആനയായിരുന്നിട്ടു കൂടി അതിന്റെ പിൻകാലുകളിൽ ഒന്നിൽ വളരെ ചെറിയ ഒരുകയർമാത്രമായിരുന്നു കെട്ടിയിരുന്നത്. ചങ്ങലയുമുണ്ടായിരുന്നില്ല. ആനക്ക് നിഷ്പ്രയാസം ആ കയർ വെട്ടിച്ച് ഓടിപ്പോവുന്നേതേയുള്ളൂ . എന്നാൽ ആന അതിന് മുതിരാതെ പാപ്പാന്റെ നിർദ്ദേശങ്ങൾ അപ്പാടെ അനുസരിച്ച് നടന്നുപോകുന്നു.

ഇതുകണ്ട വഴിയാത്രകാരന് കൗതുകമായി. അയാൾ പാപ്പാനോട് ചോദിച്ചു : " എങ്ങനെയാണ് നിങ്ങൾ ഈ വെറും കയറിന്റെ ബലത്തിൽ ഇത്രയും കരുത്തനായ ആനയെ അനുസരിപ്പിക്കുന്നത് ?" പാപ്പാൻ മറുപടി പറഞ്ഞു : " ആന തീരെ കുഞ്ഞായിരുന്നപ്പോൾ ഞങ്ങൾ ഇതുപോലുള്ള ചെറിയ ഒരു കയർ മാത്രമാണ് അതിന്റെ കാലിൽ കെട്ടിയിരുന്നത്.അന്ന് ആ കയർ വെട്ടിച്ച്പോകാൻ അതിനാകുമായിരുന്നില്ല.

പിന്നീട് ആന വളർന്നുകൊണ്ടിരുന്നപ്പോഴും ഞങ്ങൾ കയറിന്റെ ബലമോ വലുപ്പമോ കൂട്ടിയില്ല. കയർ പൊട്ടിച്ച് രക്ഷപെടാനാവില്ല എന്ന് ആന വിശ്വസിച്ച് പോരുകയായിരുന്നു. അതുകൊണ്ട് തന്നെ കയർ പൊട്ടിക്കാനുള്ള ഒരു ശ്രമവും ആന ഇതുവരെ നടത്തിയിട്ടുമില്ല". വഴിയാത്രക്കാരൻ അത്ഭുതം കൂറി.എത്രയോ കരുത്താനായ ആന. അതിനെ തളച്ചിടാൻ ഉപയോഗിച്ചിരുന്നത് തീരെ ചെറിയ ഒരു കയറും. ആനയുടെ കുട്ടിക്കാലത്ത് മനസ്സിൽ കയറിക്കൂടിയ ചിന്തയാണ് ഈ കയറിൽ നിന്ന് മോചനം സാധ്യമല്ല എന്നത്.

ആനയെപ്പോലെ നമ്മളിൽ പലരും ചില വിശ്വാസങ്ങൾ വെച്ചു പുലർത്തുന്നുണ്ട്. എന്നെക്കൊണ്ട് ഇതിൽക്കൂടുതൽ ഒന്നും ചെയ്യാൻ കഴിയില്ല

എന്ന വിശ്വാസം. മുമ്പുണ്ടായ ഒരു പരാജയമായിരിക്കാം ചിലപ്പോൾ അങ്ങനെ ചിന്തിക്കാൻ പ്രേരിപ്പിക്കുന്നത്. പ്രവർത്തികുന്നവന് പരാജയമുണ്ടാവുക സ്വാഭാവികമാണ്. പരാജയപ്പെടുമെന്ന് വിചാരിച്ച് പ്രവർത്തിക്കാതിരിക്കുന്നതാണ് തെറ്റ്.



# പൗർണ്ണമിയുടെ നിലാവിൽ

നിലാവിന്റെ വെളിച്ചത്തിൽ
ചൂട്ടും കത്തിച്ചും പാറി പറക്കുന്ന
മിന്നാ മിനുങ്ങുകളെ കാണുവാൻ
എന്തു രസം...........

ജാലകത്തിലൂടെ ഇടങ്കണ്ണുമായി
പൗർണ്ണമി ചന്ദ്രന്റെ മുഖസൗ -
ന്ദര്യം കാണുവാൻ എന്തു രസം..........

അപ്പോഴതാ നിലാവുള്ള രാവിൽ
കരിമുഖിലുകൾക്കുള്ളിൽ ചന്ദ്രൻ
നാണം ചാലിച്ചൊളിച്ചിരിക്കുന്ന-
തു കാണുവാൻ എന്തു രസം.........

ഇളം കാറ്റിന്റെ കുളിരിലിതാ
കൺപീലി പോലെ തെങ്ങിൻ

പട്ടകൾ ആടിക്കളിക്കുന്നതു
കാണുവാൻ എന്തു രസം.........

**by ഷിബില ഷെറിൻ**



© WALLNOW.com

# മലാല വിദ്യാർത്ഥിനികളുടെ മാലാഖ



പാക്കിസ്ഥാൻ പെൺകിടാവ് മലാല യൂസഫ്സായ് ഇന്ന് ലോകം മെമ്പാടുമുള്ള വിദ്യാർത്ഥിനികളുടെ മാലാഖയാണ്.2012 -ൽ താലിബാൻ ഭീകരുടെ വെടിയേറ്റമലാല പെൺകുട്ടികളുടെ വിദ്യാഭ്യാസ അവകാശത്തിന്റെ ശക്തമായ വക്താവാണ്. ഈ മാലാഖ തന്റെ കൊച്ചു പ്രായത്തിൽ ഏറ്റവും പ്രായത്തിൽ ഏറ്റവും മഹത്വമായ ഒരു പദവിക്കു കൂടി അർഹയായിരുന്നു. നൊബേൽ സമ്മാനത്തിന് അർഹയാകുന്ന ഏറ്റവും പ്രായം കുറഞ്ഞ വ്യക്തി.

ചെറുപ്പമായിരുന്നിട്ടും വർഷങ്ങളായി പെൺകുട്ടികളുടെ വിദ്യാഭ്യാസ അവകാശത്തിന് വേണ്ടി പോരാടുക്കയാണ് മലാല. സ്വന്തം സാഹചര്യം മെച്ചപ്പെടുത്താൻ കുട്ടികൾക്കും ചെറുപ്പക്കാർക്കും സംഭാവന നൽകാനാകുമെന്നതിന് മലാല മാതൃകയാണ്. പെൺകുട്ടികളെ താഴ്ത്തിക്കെട്ടുന്ന ചവിട്ടിമെതിക്കുന്ന ഈ ലോകത്തിന് ഒരു വെല്ലുവിളി തന്നെയാണ് മലാല.

വിദ്യാഭ്യാസ യുവജന വനിതാവകാശ പ്രവർത്തകനും ഉടമയും കവിയുമായ സിയാമുദ്ദീൻ യൂസഫാണ് മലാലയുടെ പിതാവ്. വിദ്യാഭ്യാസമേയില്ലാതിരുന്ന തുപർകായ് ആണ് അമ്മ. അച്ഛൻ വളർത്തിയ കുട്ടിയായിരുന്നു മലാല. വിദ്യാഭ്യാസ അവകാശ പ്രവർത്തകയായി അവളെ മാറ്റിയതുംഅദ്ദേഹമായിരുന്നു.2008 ലാണ്വിദ്യാഭ്യാസ അവകാശത്തെക്കുറിച്ച് മലാല സംസാരിച്ചു തുടങ്ങിയത്.

2007 ഒടുവിലാണ് സ്വാത് ജില്ലയുടെ നിയന്ത്രണത്തിനുവേണ്ടി പാക്കിസ്ഥാനും താലിബാനും യുദ്ധം തുടങ്ങിയത്. സ്വാത്തിന്റെ നിയന്ത്രണം കൈക്കാലാക്കിയ താലിബാൻ ടെലിവിഷനും സംഗീതവും പെൺക്കുട്ടികളുടെ

വിദ്യാഭ്യാസവും നിരോധിച്ചു. ബി.ബി.എ യുടെ നിർദ്ദേശപ്രകാരം മലാല കള്ളപ്പേരിൽ താലിബാന്റെ പ്രവർത്തനങ്ങളെ എതിർത്തുകൊണ്ടും വിദ്യാഭ്യാസ അവകാശത്തിന് വേണ്ടി പോരാടിക്കൊണ്ടും ഡയറിക്കുറിപ്പുകൾ പ്രസിദ്ധീകരിക്കാൻ തുടങ്ങി. ഇതേത്തുടർന്ന് അഭിമുഖങ്ങൾ നേരിടേണ്ടി വന്ന മലാലയ്ക്ക് പ്രതീക്ഷിക്കാതെ ഒരബദ്ധം പിണഞ്ഞു. മലാലയാണ് അത്രേയുംനാൾ അപരനാമത്തിൽ ഡയറിക്കുറിപ്പുകൾ എഴുതിയതെന്ന് ലോകത്തിന് വെളിവായി.

വിദ്യാഭ്യാസത്തിനായി പോരാടിയ മലാലയുടെ ജീവന് താലിബാൻ വിലപറഞ്ഞു തുടങ്ങി. പക്ഷെ അവർക്ക് വഴി മാറാൻ അവൾ തയ്യാറായില്ല. സ്കൂളിലെ പരീക്ഷ കഴിഞ്ഞ് ബസിൽ വീട്ടിലേക്ക് ചാടിക്കയറിയ ഏതാനും ഭീകരർ തോക്കു ചൂണ്ടി എല്ലാവരോടുമായി മലാലയെ ആവശ്യപ്പെട്ടു. കാണിച്ചു തന്നില്ലെങ്കിൽ എല്ലാവരെയും കൊല്ലുമെന്ന് ഭീഷണിപ്പെടുത്തി.ഭയപ്പെട്ട ഒരാൾ അവളെ ചൂണ്ടിക്കാണിച്ചു കൊടുത്തു. അന്ന് മലാലായുടെ ശരീരത്തിലൂടെ തുളച്ചുകയറിയ ബുള്ളറ്റ് നീണ്ടക്കാലത്തേക്ക് ശേഷം മാത്രമാണ് ബുള്ളറ്റ് പുറത്തെടുത്തത്.ദൈവത്തിനറിയാമായിരുന്നുഈമലാഖയെ ലോകത്തിനാവശ്യമുണ്ടെന്ന്. അതു കൊണ്ടുതന്നെയാണ് മരണത്തിന്റെ വക്കോളമെത്തിയ മലാല ജീവിതത്തിലേക്ക് തിരിച്ചുവന്നത്.

അബല എന്ന് നാം സ്ത്രീകളെ നാം മുദ്രണം ചെയ്തിരിക്കുന്നു. ലോകം ഇന്ന് വളരെയധികം മാറിയിട്ടുണ്ടെങ്കിലും സ്ത്രീകളോടുള്ള ഈ കാഴ്ചപ്പാടിന് അത്ര വലിയ മറ്റമൊന്നുമില്ല. ഇന്നും സ്ത്രീകളെ പുരുഷന്മാരുടെ അടിമകളായിട്ടാണ് കാണുന്നത്. സ്ത്രീകൾ അബലയാകാനുള്ളതിന്റെ ഒരു പ്രധാനകാരണം അവർ നിരക്ഷരരാണെന്നതാണ്. തങ്ങളുടെ അവകാശം വീണ്ടെടുക്കാൻ സ്വതന്ത്രമാകാൻ വിദ്യ അഭ്യസിച്ചേ പറ്റൂ. സമൂഹം അതിന് അനുവദിക്കുന്നില്ലെങ്കിൽ അതിനെതിരെ പോരാടണം. സ്ത്രീകൾക്കെതിരെ നിരന്തരം പീഡനങ്ങളും ചൂഷണങ്ങളുമായിറങ്ങുന്ന നീചർക്കെതിരെ സമൂഹം



ഒന്നു ചേർന്നു പോരാടണം. വിദ്യയാണ് ഏറ്റവും വലിയ ധനം. “ വിദ്യാധനം സർവ്വനാൾ പ്രധാനാം.” അതിനാൽ സ്ത്രീകൾ എപ്പോൾ വിദ്യയുള്ളവരായി തീരുന്നവോ, അപ്പോൾ അവൾ കരുത്താർജ്ജിക്കും. സ്ത്രീകൾക്കെതിരെയുള്ള വിവേചനത്തിനെതിരെ മിഴി തുറക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. എങ്ങും സമാധാനവും പ്രകാശവും പരത്തിക്കൊണ്ട് മലാല , വിദ്യാർത്ഥിനികളുടെ മാലാഖ നമ്മോടു പറയുന്നു : “ പ്രവർത്തിക്കൂ, സമാധാനം നമ്മോടുകൂടെ"

by **Murshida p.k**

**9.A**



# കവിതകൾ

## വേഴാമ്പലിന്റെ തേങ്ങൽ

H K CKHSS
NILAMBUR

വറ്റുന്ന പുഴയുടെ ദീനരോദനം കേട്ട്
കരയിലിരുന്ന വേഴാമ്പലൊന്ന് തേങ്ങി..
ദാഹമകറ്റാൻ ഇനിയുള്ള ഇത്തിരി ജലവും
നാളേക്ക് തീർന്ന് പോയിടുമോ..?
കൂട്ടിലിരിക്കുമെൻ പൊൻ മക്കൾക്കിനി
ജീവിക്കാനാകുമോ ഈ ഭൂമിയിൽ..?
തീറ്റ തേടി പറന്നൊരെൻ ഇണക്കിളി
പാവം വാടി തളർന്ന് വീണിടുമോ..?
ഈ മരക്കൊമ്പിൽ പൊഴിയാൻ
ഇനിയില്ല ബാക്കി ഇലകളൊന്നും...
മഴമേഘം പിണങ്ങിയോ കടൽ
കാറ്ററങ്ങിയോ എന്തെ
പ്രകൃതിയമ്മയ്ക്കിത്ര മൗനം.....?
കതിര് വിളയാത്ത പാടത്തെ നോക്കി
കരയുന്നു കർഷകൻ നിറമിഴിയോടെ

പൂവുകൾ വിടരാത്ത,കായ്കളില്ലാത്ത
പൂന്തോപ്പിലില്ലാ ആരവങ്ങൾ...
കുന്നോളം നൽകി ആവോളം കാത്തു
ഈ പ്രകൃതി മനുഷ്യർക്കന്നമൂട്ടീ...
ചഷകം നുണയാൻ സൗധം പണിയാൻ
മാനവൻ പ്രകൃതിയെ കാർന്നു തിന്നു..
ഭൂമിതൻ ആവാസ വ്യവസ്ഥയെ
അവൻ കൊന്നൊടുക്കീ....
ദാഹജലം കിട്ടാതെ മരിച്ചു വീഴുമോ
ഞാനും എൻ ഇണയും കുഞ്ഞുങ്ങളും.?
വേഴാമ്പലിൻ ചോദ്യം നമുക്ക് നേരേ....

# നിർഭയ സൗമ്യ ജിഷ

തോരാത്ത മഴപോലെ
നിലക്കാത്ത കണ്ണുനീരുമായി
ജീവിച്ചു തീർക്കുന്നിവിടെ
ശിഷ്ട ജീവിതം ഒത്തിരി അമ്മമാർ..
കാപാലിക കൈകൾ,
നീച ഹൃദയങ്ങൾ
ബീഭത്സമായി കൊന്ന തങ്ങളുടെ
പൊന്നോമന പെൺമക്കളെ
ഓർത്ത് കരളുരുകി കഴിയും
ഇവരുടെ വേദന കടലോളമത്രെ...
ലക്ഷവും, ജോലിയും വാഗ്ദാനമേകി
തലയൂരി തെളിയുന്നു ഭരണകൂടങ്ങൾ..
നീതിയും നിയമവും പണച്ചാക്കിന്റെ
മറവിൽ സ്വാധീനമുണ്ണുന്നു
മണിമാളികയിൽ

പൊട്ടിത്തെറിച്ച് കരയുന്ന അമ്മയെ
ഹൃദയം നുറുങ്ങി തേങ്ങുന്നയച്ഛനെ
ഭ്രാന്തരെന്നാർത്തു വിളിച്ചട്ടഹസിക്കുന്നു
പരിഷ്കാര യൗവനം, ചുംബനവാദികൾ....
മക്കൾക്ക് വേണ്ടി അരമുറുക്കി
പണിയെടുക്കുന്ന അച്ഛനമ്മയ്ക്കും
നീതിയില്ല, നിയമമില്ല നൊമ്പരം,
നൊമ്പരം വീണ്ടും നൊമ്പരം മാത്രം..

HK CKHSS
NILAMBUR

# ശ്രദ്ധ

തിളക്കം മലയാളഭാഷയിൽ മാത്രം ഒതുങ്ങി നിൽക്കേണ്ടതല്ലഗണിതത്തിലും,ശാസ്ത്രവിഷയങ്ങളിലും,സാമൂഹ്യ ശാസ്ത്രത്തിലുമെല്ലാം വിദ്യാർത്ഥികൾ തിളങ്ങേണ്ടത് പൊതു വിദ്യാഭ്യാസ സംരക്ഷണ യഞ്ജത്തിന്റെ തിളക്കമായി വിദ്യാഭ്യാസ വകുപ്പ്കാണുന്നു.അത്കൊണ്ടായിരിക്കണം പൊതു വിദ്യാലയങ്ങളിൽ ആറുമുതൽഒമ്പതാംക്ലാസ്സുവരെപഠിക്കുന്നപഠനപിന്നോക്കാവസ്ഥയിലു ള്ള വിദ്യാർത്ഥികൾക്ക് പ്രത്യേക ശ്രദ്ധ ചൊലുത്താൻ ***ശ്രദ്ധ*** പദ്ധതി വിദ്യാലയങ്ങളിൽ നടപ്പാക്കുന്നത്

ഹൈസ്ക്കൂൾ വിഭാഗത്തിൽ 56 കുട്ടികളും യു പി വിഭാഗത്തിൽ38 വിദ്യാർത്ഥികളും ശ്രദ്ധ പദ്ധതിയിൽ അംഗങ്ങളാണ്. ശ്രീമതി.ജുബൈരിയ ടി.പി, ശ്രീമതി. ത്രേസ്യാമ്മ പി.ടി എന്നിവരാ ണ് ശ്രദ്ധയുടെ കൺവീനർമാർ. ഹൈസ്ക്കൂളിൽ രാവിലെ 9 മുതൽ10 വരേയും, യു പി യിൽ ഉച്ചയ്ക്ക് 1.20 മുതൽ 2 വരേയുമാണ് പരിശീല ന ക്ലാസ്സുകൾ സജ്ജീകരിച്ചിട്ടുള്ളത്. പ്രത്യേക ടൈംടേബിളും ഇതിനാ യി തയ്യാറാക്കിയിട്ടുണ്ട്.

അർദ്ധ വാർഷിക പരീക്ഷയുടെ അടിസ്ഥാനത്തിൽ വിവിധ വിഷയങ്ങളിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ ഉൾപ്പെടുത്തികൊണ്ടുള്ള ഈ പരിപാടി വളരെ ശ്രദ്ധയോടെ തന്നെ പുരോഗമിക്കുന്നു

LITTLE KITES

# സുരലീ ഹിന്ദി

അക്കാദമിക മികവ് വിദ്യാലയ മികവ് എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ച് പൊതുവിദ്യാഭ്യാസ വകുപ്പും സമഗ്ര ശിക്ഷ കേരളയും സംയുക്തമായി ജനുവരി 26 മുതൽ നടത്തുന്ന പഠനോത്സവം മുതൽ പ്രവേശനോത്സവം വരെ പ്രവർത്തനങ്ങളുടെ പ്രചരണ പരിപാടിയുടെ ഭാഗമായി വിദ്യാലയങ്ങളിൽ നടന്ന്കൊണ്ടിരിക്കുന്ന ഹിന്ദി പരിപോഷണ പരിപാടിയാണ് സുരലീഹിന്ദി

ആറാം തരത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ രാഷ്ട്രഭാഷയായ ഹിന്ദിയുടെ ക്രയ വിക്രയം അനായാസമാക്കുക. തുടർ ക്ലാസ്സുകളിൽ ഹിന്ദി പഠന സുഗമ മാക്കുക, ആശയ വിനിമയ സാധ്യത പരിപോഷിപ്പിക്കുക തുടങ്ങിയ ലക്ഷ്യ ത്തോടെയാണ് ഈ പരിപാടി ആസൂത്രണം ചെയ്തിരിക്കുന്നത്.

യു പി വിഭാഗം ഹിന്ദി അധ്യാപകനായ ശ്രീ. ജോഷി ജോസഫ് സാറിനാണ് സുരലീ ഹിന്ദിയുടെ ചുമതല. ഹൈടെക്ക് സംവിധാനങ്ങൾ ഉപയോഗപ്പെടു ത്തി മെച്ചപ്പെട്ട രീതിയിൽ പരിശീലന പ്രവർത്തനങ്ങൾ നടന്ന് വരുന്നു.

LITTLE KITES

REPORT

# ഡിജിറ്റൽ യുഗത്തിൽ നഷ്ടപ്പെടുന്ന ബാല്യം

ബാല്യം ഒരിക്കൽ നഷ്ടപ്പെട്ടാൽ പിന്നീട് തിരിച്ചുകിട്ടുകയില്ല . എന്നാൽ ഇന്നത്തെ കുട്ടികൾക്ക് അത് നഷ്ടമായി. കാരണം ,കണ്ണിമാങ്ങ പറിച്ചും പൂക്കൾ പറിച്ചും ഉല്ലസിച്ച് നടന്ന് പള്ളിക്കൂടത്തിൽ എത്തിയ ബാല്യക്കാലം ഇന്ന് പാടെ നഷ്ടമായി. പകരം വീട്ടിൽ കൊത്തിയെടുത്ത് സ്കൂളിൽ എത്തിക്കുന്ന അവസ്ഥയാണ് ഇന്നുള്ളത്. ഇന്നത്തെ കുട്ടികളിൽ നിന്ന് വായനശീലവും നശിച്ചുകൊണ്ടിരിക്കുകയാണ്. വാർത്തകൾക്കായി ടെലിവിഷനുപകരം പത്രം ഉപയോഗിച്ചാൽ നമ്മളിൽ വായനശീലം വർദ്ധിക്കും. അതു നമ്മുക്ക് എന്നും ഉപകാരപ്പെടും. വാർത്തകൾക്കായി ഇന്നും നാം ടെലിവിഷനാണ് കൂടുതൽ ഉപയോഗിക്കുന്നത്. അവധിക്കാലം കൂട്ടുകാരോടൊത്ത് കളിച്ചുല്ലസിച്ച് ചെലവഴിക്കുന്നതിനു പകരം കമ്പ്യൂട്ടറുകളിലും വീഡിയോ ഗെയിമുകളുമായും നാം നാല് ഭിത്തിക്കുകളിൽ ഒതുങ്ങുന്നു. ബാല്യക്കാലം ഇങ്ങനെ ഒതുക്കാനുള്ള അല്ല. പകരം പ്രകൃതി ഭംഗി ആസ്വദിച്ചും അറിവ് സമ്പാദിച്ചും കളിച്ചും നടക്കാനുള്ളതാണ്. നമ്മളിൽ നിന്നും മറഞ്ഞുപോയി കൊണ്ടരികുന്ന സന്തോഷകരമായ ആ പഴയ ബാല്യകാലത്തെ പറ്റി ഓർക്കുക ........!

ANSHA THASNEEM
9b

# കടം കഥകൾ

| | |
|---|---|
| അടിക്കുലപൂക്കുമ്പം പന്തീരായിരം | നക്ഷത്രങ്ങൾ. |
| അടി മുള്ള്, നടുന്ന കാട്, തല പൂവ് | പൂവൻക്കോഴി |
| അതെടുത്തതിലേക്കിട്ടു, ഇതെടുത്തിതിലേക്കിട്ടു | പായനെയ്യുക. |
| അന്തണൻ വെന്തു, പൂണൂല് കരിഞ്ഞില്ല | കാട്ടിലെ നടപ്പാത |
| അടി ചെടി, നടു മദ്ദളം, തല നെൽച്ചെടി | കൈതച്ചക്ക |
| അടിയിലും മുകളിലും തട്ടിട്ടിരിക്കുന്ന പെരുന്തച്ചൻ | ആമ |
| അടിക്കാത്ത മുറ്റത്തിൻ പേരു ചൊല്ലാമോ | ആകാശം. |
| അട്ടത്തൊരു കുട്ടിച്ചാത്തൻ അങ്ങോട്ടിങ്ങോട്ടോടുന്നു | എലി |
| ആരും കാണാതെ വരും ആരും കാണാതെ പോകും | കാറ്റ് |
| ആരും നുളാ നൂറ്റിയിലൂടെ ആളൊരു ചിൻ നീണ്ടു കിടക്കും | സൂചി |
| ആരും കേറാ മരത്തിൽ തുഞ്ചത്തെത്തും ഇത്തിരി കുഞ്ഞൻ | പളിയുറുമ്പ്. |
| ആരും പോകാ വഴിയിലൂടെ ഒരു കൊല്ലച്ചെക്കൻ പോകും | അറക്കവാൾ |

**ആൻ മേരി**

# FRIENDSHIP

Friendship is the most precious degree of human association and essential for all human beings to lead a successful social life. A friend in need is a friend indeed is a proverb that stands true always. In our day lives , we come across many people but all of them are not our friend. God does not create friends. We acquire them.

It is not easy to acquire good friends. Friends have some qualities in common. They are generally of the same age. Their aptitudes , interests, likes and dislikes are generally common. They may live near by, may go to the same school or may be doing the same job.

Friendship cannot be built with the intention of gaining something out of the relation. In friendship anything given is without reserve, anything received is a privilege. Friendship is not only a man to man relations. It warms the heart and life of the entire world. A real friend is one who comes to you,when all others are left. Never a true friends flatters you. They may sometimes frown upon you. A friend's frown upon you is said to be better than a foe's praise.



We must add good friends and subtract enemies from our life. It will multiply one's joy's and divides our sorrows. Friendship is said to be an art and very few persons are said to be born with a natural gift for it. So enjoy our friends as possible as you can.

CRIS THOMAS VIJO

# നന്ദി

വാക്കുകൾ കൊണ്ട് പറഞ്ഞാൽ തീരുന്നില്ല ഇവിടെ നന്ദി.... ഡിജിറ്റൽ മാഗസിൻ എന്ന ആശയത്തിന്റെ ആലോചനയോഗം മുതൽ പണിപ്പുരയിലിരുന്ന് പ്രവർത്തിച്ച് ചെറുതെങ്കിലും സുന്ദരമായ ഒരു മാഗസിൻ പൂർത്തിയാക്കിതന്ന എന്റെ ലിറ്റിൽ കൈറ്റ്സ് മെമ്പർമാരോട് സ്നേഹത്തിന്റ ഭാഷയിൽ ഞാൻ നന്ദി പറയുന്നു. വ്യക്തിപരമായ കാരണങ്ങളാൽ വേണ്ടത്ര, നിർദേശവും, നേതൃത്വവും നൽകാൻ കഴിയാതിരുന്നിട്ടും അവർ ഈ മാഗസിൻ  പ്രവർത്തനങ്ങൾ പൂർത്തിയാക്കിതന്നു.പ്രിയപ്പെട്ട കുഞ്ഞുങ്ങളെ... നിങ്ങളുടെ ഹൃദയങ്ങളും കരങ്ങളും ഒന്നിച്ചു ചേർന്ന്പ്രവർത്തിച്ചതിന്, പ്രയത്നിച്ചതിന് ഞാൻ നന്ദി പറയുന്നു........

ഒപ്പം  മറ്റു അണിയറ ശിൽപികൾക്കും




ഹൗലത്ത്.കെ

കൈറ്റ് മിസ്ട്രസ്സ്

# PHOTO GALLERY













## മലയാള തിളക്കം

# Little Kites













# SCOUTS GUIDES













# സുരലീ ഹിന്ദി








# ക്വിസ്















# വിജ്ഞാനത്തിൻ

# ഉറവിടങ്ങൾ











# സയൻസ് ലാബ്







# ഹൈടെക് ക്ലാസ്സ് റൂം





**Editing By ANAND**


CKHS MANIMOOLY
LITTLE KITES